നവസാക്ഷര സാഹിത്യമാല

ബാപ്പുവിന്റെ വാക്കുകൾ

ഉമാശങ്കർ ജോഷി

ചിത്രകാരൻ

എം.എ. ജോമരാജ്

വിവർത്തനം

കെ.പി. ഗംഗാധരൻ

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

ISBN 81-237-1999-1

1997 *(ശക. 1918)*

Bapu Ki Baten *(Malayalam)*

രൂ. 7.50

പ്രസാധകൻ : ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ
എ-5, ഗ്രീൻ പാർക്ക്, ന്യൂഡൽഹി 110 016

ഒന്ന്

അന്നു രാത്രി കൂരിരുട്ടായിരുന്നു. മോഹന് പ്രേത-പിശാചുക്കളെ വളരെ ഭയമാണ്. ഈ ഇരുട്ടിൽ ഏതെങ്കിലും കോണിൽ നിന്നു പ്രേത-പിശാചുക്കൾ വന്നു ഭീഷണിപ്പെടുത്തിയേക്കുമോ എന്ന ഭയമുണ്ടായിരുന്നു. സത്യത്തിൽ മോഹന്റെ കൈകൾ അനങ്ങുന്നുണ്ടോയെന്നു സംശയമായിരുന്നു. മുറിയിൽ നിന്നു പുറത്തേക്കു പോകണമെന്നുണ്ട്. പക്ഷേ കാൽ നീങ്ങുന്നില്ല. ഹൃദയം ശക്തിയായി മിടിച്ചുകൊണ്ടിരുന്നു. പടിവാതിലിന്നരികിൽ വീട്ടിലെ പ്രായം ചെന്ന പരിചാരിക രംഭ നിന്നിരുന്നു.

അവർ ചിരിച്ചുകൊണ്ടു ചോദിച്ചു.

"എന്തുപറ്റി മോഹൻ?"

"എനിക്കു പേടിയാവുന്നു....." മോഹൻ പറഞ്ഞു.

"ഛീ, മണ്ടൻ, പേടി എന്തിന്?"

"നോക്കൂ, എന്തിരുട്ടാണ്! എവിടുന്നെങ്കിലും പ്രേത-പിശാചുക്കൾ വന്നു പിടിച്ചാലോ?" മോഹൻ പതുക്കെ പറഞ്ഞു.

പരിചാരിക സ്നേഹത്തോടെ മോഹന്റെ തലയിൽ കൈവച്ചുകൊണ്ട് പറഞ്ഞു:



“ഇരുട്ടിൽ ആരെങ്കിലും വെറുതെ പേടി ക്കുമോ? രാമനെ ധ്യാനിച്ച് നടക്കൂ! പ്രേത-പിശാചുക്കൾ അടുത്തെങ്ങും വരില്ല. നിന്റെ തലമുടിപോലും ആർക്കും തൊടാൻ പറ്റില്ല. രാമൻ നിന്നെ രക്ഷിക്കും.”

രംഭയുടെ വാക്കുകൾ മോഹന് ഉത്സാഹമു ണർത്തി. ദൃഢവിശ്വാസത്തോടെ രാമനെ ധ്യാനിച്ച് മുന്നോട്ട് നീങ്ങി.

അന്നുമുതൽ മോഹന്റെ പേടി പോയി ത്തുടങ്ങി. ഒരിക്കലും താൻ ഒറ്റപ്പെട്ടതായി മോഹന് തോന്നിയില്ല. രാമൻ കൂടെയുണ്ടെ ങ്കിൽ യാതൊരു വിധ ഹാനിയും വരില്ലെന്ന് മോഹന് വിശ്വാസമുണ്ടായിരുന്നു. അങ്ങനെ രാമനാമം മോഹന്റെ പ്രാണമിത്രമായി ത്തീർന്നു. ജീവിതത്തിന്റെ അവസാന നിമിഷം വരെ മോഹന്റെ നാവിൻ തുമ്പത്തു രാമനാമം ഉണ്ടായിരുന്നു.

രണ്ട്

മോഹൻ വളരെ ലജ്ജാശീലനായിരുന്നു. സ്കൂൾ വിടുന്നതിനുള്ള മണിയടിച്ചാൽ ഉടൻ പുസ്തക സഞ്ചിയുമായി വീട്ടിലേക്കോടും. മറ്റു കുട്ടികൾ വഴിനീളെ ചങ്ങാതിമാരുമായി വെടി പറഞ്ഞു നടക്കും. ചിലർ വഴിയിൽ കളി ക്കാനായി തങ്ങും. മറ്റു ചിലർ തിന്നാനും കുടി

ക്കാനും നിൽക്കും. എന്നാൽ, മോഹൻ എവി ടെയും നോക്കില്ല. കുട്ടികൾ പിടിച്ചു നിർത്തി കളിയാക്കുമെന്ന് സദാ പേടിയുണ്ടായിരുന്നു.

ഒരിക്കൽ സ്കൂളിൽ ഇൻസ്പെക്ടർ വന്നു. അദ്ദേഹം ഒരു ഇംഗ്ലീഷുകാരനായിരുന്നു. പേര് മിസ്റ്റർ ഗയിൽസ്. അദ്ദേഹം ഇംഗ്ലീഷിൽ അഞ്ചു വാക്കുകളെഴുതാൻ കുട്ടികളോടാവശ്യപ്പെട്ടു. മോഹൻ നാല് വാക്കുകളെഴുതി. 'കെറ്റിൽ'



എന്ന വാക്കു മോഹന് എഴുതാൻ കഴിഞ്ഞില്ല. അദ്ധ്യാപകൻ അതു കണ്ടു. അദ്ദേഹം ഇൻസ്പെക്ടർ കാണാതെ അടുത്തുള്ള കുട്ടി എഴുതിയത് നോക്കിയെഴുതാൻ ആംഗ്യം



കാണിച്ചു. പക്ഷെ മോഹൻ അനങ്ങാതിരുന്നു. എല്ലാ കുട്ടികളും അഞ്ചു വാക്കുകളെഴുതി. മോഹൻ മാത്രം നാലു വാക്കുകളെഴുതി.

ഇൻസ്പെക്ടർ പോയ ശേഷം അദ്ധ്യാപകൻ മോഹനോട് അതിയായി കോപിച്ചു. അദ്ദേഹം പറഞ്ഞു, “ഞാൻ അടുത്തുള്ള കുട്ടിയുടെ സ്ലേറ്റിൽ നിന്നു നോക്കിയെഴുതാൻ ആംഗ്യം കാണിച്ചു. നിനക്ക് നോക്കിയെഴുതാനും അറിയല്ലേ?”

കുട്ടികൾ ഉറക്കെ ചിരിച്ചു.

മോഹൻ വീട്ടിലേക്കു പോകുമ്പോൾ ദുഃഖിതനായിരുന്നില്ല. ചെയ്തത് ശരിയായിരുന്നുവെന്ന് മോഹന് അറിയാമായിരുന്നു. അദ്ധ്യാപകൻ തന്നോട് നോക്കിയെഴുതാൻ പറഞ്ഞതിൽ സങ്കടം തോന്നി. അദ്ധ്യാപകൻ ചെയ്യേണ്ടിയിരുന്നത് നോക്കിയെഴുതുന്നവരെ തടസ്സപ്പെടുത്തലായിരുന്നു.

മൂന്ന്

ഗാന്ധിജി ദക്ഷിണാഫ്രിക്കയിലായിരുന്നപ്പോൾ അവിടെ ഒരു ആശ്രമം ആരംഭിച്ചു. ആശ്രമത്തിൽ കുട്ടികൾക്കായി ഒരു പാഠശാലയും ആരംഭിച്ചു.

സ്വന്തം മുറ പ്രകാരം കുട്ടികളെ പഠിപ്പിക്കാൻ ബാപ്പു ആഗ്രഹിച്ചിരുന്നു. കുട്ടികൾക്ക്

അറിവ് വർദ്ധിക്കുവാനും സൽഗുണം ശീലി ക്കുവാനുമുള്ള പാഠ്യക്രമമായിരുന്നു ആ വിദ്യാലയത്തിൽ സ്വീകരിക്കപ്പെട്ടത്.

സാധാരണ സ്കൂളിലെ പോലെ പരീക്ഷയിൽ മാർക്ക് നൽകുന്ന സമ്പ്രദായം ഗാന്ധിജിക്ക് ഇഷ്ടമായിരുന്നില്ല. എല്ലാ കുട്ടികളോടും ഒരേ തരത്തിൽ ചോദ്യം ചോദി ച്ചിരുന്നു. എങ്കിലും ഏറ്റവും നന്നായി ഉത്തരം എഴുതിയ കുട്ടിക്ക് കുറഞ്ഞ മാർക്ക് കിട്ടുകയും സ്വല്പം നന്നായി ഉത്തരം നൽകിയ കുട്ടിക്ക് അധികം മാർക്ക് കിട്ടുകയും ചെയ്തു പോന്നു. ഇത്തരത്തിൽ മാർക്ക് കൊടുക്കുന്ന സമ്പ്ര ദായം കുട്ടികൾക്ക് മനഃപ്രയാസമുണ്ടാക്കി. ശരിയായ ഉത്തരം എഴുതുന്ന കുട്ടികൾക്ക് കുറഞ്ഞ മാർക്ക് കിട്ടുന്നതിന്റെ കാരണം ചോദിച്ചപ്പോൾ ഒരു നാൾ ബാപ്പു അവരെ ഇങ്ങനെ ധരിപ്പിച്ചു.

“ശ്യാം രാമിനേക്കാൾ സമർത്ഥനാണെന്ന് ഞാൻ പറയേണ്ടതില്ല. ഇപ്രകാരത്തിലല്ല ഞാൻ മാർക്ക് കൊടുക്കുന്നത്. എനിക്കു നോക്കേണ്ടത് മുമ്പ് ഒരോ കുട്ടിയും എവിടെ യായിരുന്നെന്നും അവിടെ നിന്നും എത്ര മുന്നോട്ടു നീങ്ങി എന്നുമാണ്. ആ കുട്ടി എത്ര യധികം താല്പര്യത്തോടെ പഠിച്ചെന്നു നോക്കും. സമർത്ഥനായ കുട്ടി മണ്ടനോട്



നേരിട്ട് വിജയഭാവത്തിൽ ഞെളിഞ്ഞു നടന്നാൽ അവന്റെ ബുദ്ധി മന്ദിച്ചു പോകും. ഗർവ് കാരണം പഠിത്തത്തിൽ ശ്രമം നടത്തേണ്ട ആവശ്യം മനസ്സിലാക്കില്ല. അതി ശ്രദ്ധയോടെ കഠിനാദ്ധ്വാനം ചെയ്യുന്ന കുട്ടി മുന്നോട്ടു പോകും. ആ കുട്ടിക്കു ഞാൻ അധികം മാർക്ക് കൊടുക്കും."

അധികം മാർക്ക് നേടിയെടുക്കുന്ന കുട്ടികളുടെ കാര്യം അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുന്നു. ആ കുട്ടി പിന്നീടും നന്നായി പഠിക്കുന്നുണ്ടോ ഇല്ലയോ എന്നും മുഴുവ നായി ശ്രദ്ധിക്കുന്നു. അധികം മാർക്ക് കിട്ടിയ അഹന്തയിൽ ആ കുട്ടി അകപ്പെട്ടെങ്കിൽ പ്രയോജനമില്ല. കുട്ടികളുടെ മനസ്സിൽ ഗാന്ധിജി ഇക്കാര്യം പറഞ്ഞു പതിപ്പിച്ചു. സാമർത്ഥ്യം കുറഞ്ഞ കുട്ടി പരിശ്രമി ക്കുന്നുവെങ്കിൽ, അടുത്ത പരീക്ഷയിൽ, കുറച്ച ധികം മാർക്ക് നേടിയെങ്കിൽ ബാപ്പു ആ കുട്ടിയെ അനുമോദിക്കുന്നു.

നാല്

ഈ സംഭവം നടന്നത് ബാപ്പു ദക്ഷിണാ ഫ്രിക്കയിൽ വക്കീലായിരിക്കുമ്പോഴാണ്. അദ്ദേഹത്തിന്റെ ആഫീസ് വീട്ടിൽ നിന്നും മൂന്നു മൈൽ ദൂരെ ആയിരുന്നു. ഗാന്ധിജി

യുടെ മൂത്ത മകൻ മണിലാലിന് അപ്പോൾ പതിമൂന്ന് വയസ്സ് പ്രായമാണ്. ഗാന്ധിജിയുടെ സഹപ്രവർത്തകൻ ശ്രീ പോലക് ആഫീസിൽ നിന്നും ഒരു പുസ്തകം കൊണ്ടുവരാൻ മണിലാലിനോട് പറഞ്ഞിരുന്നു. എന്നാൽ, മണിലാൽ അതു മറന്നു പോയി. വൈകുന്നേരം ശ്രീ പോലക് ആവശ്യപ്പെട്ടപ്പോഴാണ് മണിലാലിന് ഓർമ്മ വന്നത്. പ്രശ്നം ഗാന്ധിജിയുടെ അടുക്കലെത്തി. ഗാന്ധിജി മണിയെ വിളിച്ചു സ്നേഹത്തോടെ, എന്നാൽ ദൃഢമായി പറഞ്ഞു. "മകനേ, എനിക്കറിയാം കൂരിരുട്ടുള്ള രാത്രിയാണ്. വഴി അത്ര നല്ലതുമല്ല. വരാനും പോകാനുമായി ആറ് മൈൽ ദൂരവുമുണ്ട്. എങ്കിലും പോലക് സാഹിബിന്റെ പുസ്തകം കൊണ്ടു വരാനുള്ള വാഗ്ദാനം ഏറ്റതിനാൽ ഈ സമയത്തായാലും പോയി കൊണ്ടു വരൂ."

ബാപ്പുവിന്റെ നിർദ്ദേശം കേട്ട് കസ്തൂർബയും വീട്ടിലുള്ള മറ്റുള്ളവരും പ്രയാസപ്പെട്ടു. എത്ര ക്രൂരമായ ശിക്ഷ! അവനൊരു കൊച്ചു കുട്ടി. ഇരുണ്ട രാത്രി. മോശപ്പെട്ട വഴിയും. കുട്ടി മറന്നു പോയെങ്കിൽ തന്നെയെന്താണ്? പുസ്തകം നാളെ എത്തിക്കാമല്ലോ. ഈ വിചാരം എല്ലാവർക്കുമുണ്ടായി. എന്നാൽ, അതു പറയാൻ ആർക്കും ധൈര്യമുണ്ടായില്ല. അവർക്കറിയാമായിരുന്നു, ബാപ്പു എന്തു

പറയുന്നുവോ അതു കല്ലിൽ കൊത്തിയതു പോലെയാണെന്ന്.

മൗനം ഭേദിക്കാൻ കല്യാൺ ഭായിക്കാണ് ധൈര്യമുണ്ടായത്. "പുസ്തകം ഞാൻ കൊണ്ടു വരാം." അയാൾ പറഞ്ഞു.

മെല്ലെ, എന്നാൽ ദൃഢമായി ബാപ്പു പറഞ്ഞു, "വാഗ്ദാനം മണിലാലാണ് ചെയ്തത്, അല്ലേ?"

കല്യാൺജി അപേക്ഷിച്ചു, "ശരിയാണ്, മണിലാൽ പോകട്ടെ. എന്നാൽ, കൂടെ എന്നെ പോകാനനുവദിക്കൂ."

ബാപ്പു സമ്മതിച്ചു.

മണിലാൽ കല്യാൺജിയുടെ കൂടെപ്പോകുകയും പുസ്തകം ശ്രീ പോലക്കിന് കൊണ്ടു വന്നു കൊടുക്കുകയും ചെയ്തു.

ബാപ്പുവിന്റെ ഹൃദയം പൂവ് പോലെ മൃദുലവും വജ്രം പോലെ മൂർച്ചയുള്ളതും ആയിരുന്നു. അദ്ദേഹം മണിലാലിനെ ക്കൊണ്ടു തന്നെ ആ പണി എടുപ്പിച്ചു, വാഗ്ദാനം ചെയ്തത് അവനായിരുന്നല്ലോ.



അഞ്ച്

ബോംബെയിൽ കോൺഗ്രസ്സിന്റെ സമ്മേളനം നടക്കുകയായിരുന്നു. ഗാന്ധിജി ആഫ്രിക്കയിൽ നിന്നും വന്നതേയുള്ളൂ. സമ്മേളനത്തിന്റെ പ്രവർത്തനത്തിൽ പങ്കെടുക്കാൻ കാകാസാഹിബ് കാലേൽക്കറും എത്തിയിരുന്നു.

ഒരു ദിവസം ഗാന്ധിജി അദ്ദേഹത്തിന്റെ മേശയ്ക്കരികിൽ എന്തോ തിരയുകയായിരുന്നു. അദ്ദേഹത്തിന്റെ പ്രയാസം കണ്ടിട്ട് കാകാസാഹിബ് ചോദിച്ചു. "എന്താണ് തിരയുന്നത്, ബാപ്പു?"

"എന്റെ പെൻസിൽ കാണാതായി – ചെറുതാണ്," ബാപ്പു പറഞ്ഞു.

ഒരു പെൻസിലിനു വേണ്ടി ബാപ്പു ഇത്രയും സമയം നഷ്ടപ്പെടുത്തുകയാണ്. എന്നാൽ കാകാസാഹിബിന് സംഗതി ശരിക്കും പിടികിട്ടിയിരുന്നില്ല. അദ്ദേഹം തന്റെ പെൻസിൽ കൊടുക്കാൻ ശ്രമിച്ചു. "വേണ്ട, വേണ്ട എനിക്ക് എന്റെ ആ ചെറിയ പെൻസിൽ തന്നെ വേണം." ബാപ്പു കുട്ടികളെപ്പോലെ വാശിപിടിച്ചു കൊണ്ട് പറഞ്ഞു.

"ഇപ്പോൾ ഇതെടുക്കൂ, പിന്നീട് ഞാൻ താങ്കളുടെ പെൻസിൽ തിരക്കാം. അത് തിരയുന്നതിന് നിങ്ങളുടെ സമയം പാഴാവുകയാണ്."

ബാപ്പു പറഞ്ഞു, "ആ കൊച്ചു പെൻസിൽ എനിക്കു വളരെ വിലപ്പെട്ടതാണ്. താങ്കൾക്കറിയില്ല. മദ്രാസിൽ നിന്നും ഒരു കൊച്ചുകുട്ടി എനിക്കു തന്നതായിരുന്നു അത്. എത്ര സ്നേഹത്തോടെയാണ് ആ കുട്ടി എനിക്കത് തന്നത്. അതു കാണാതായാൽ, എനിക്കെങ്ങനെ സഹിക്കാനാവും? ആ കുട്ടിയുടെ സ്നേഹത്തിന്റെ അടയാളമാണത്."

കാകാസാഹിബ് പിന്നീടൊന്നും പറഞ്ഞില്ല. എന്തു പറഞ്ഞാലും പ്രയോജനമില്ലെന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി. അദ്ദേഹം ഗാന്ധിജിയോടൊപ്പം പെൻസിൽ തിരക്കാൻ തുടങ്ങി. ഒടുവിൽ അതു കിട്ടുകയും ചെയ്തു. രണ്ടിഞ്ച് പോലുമില്ലാത്ത ഒരു കഷണം പെൻസിൽ ആണ് കാകാസാഹിബ് കണ്ടത്. ആ പെൻസിൽ കിട്ടിയപ്പോൾ ഗാന്ധിജി അത്യധികം സന്തോഷിച്ചു. അതൊരു സാധാരണ പെൻസിലായിരുന്നില്ല. സ്നേഹ വായ്പിന്റെ അടയാളമായിരുന്നു. കുട്ടികളുടെ സ്നേഹം ബാപ്പുവിന് വിലയേറിയതായിരുന്നു.

ആറ്

ബാപ്പുവിനെ സന്ദർശിക്കാൻ വളരെയേറെ കുട്ടികൾ വരാറുണ്ടായിരുന്നു. ഒരു ദിവസം ഒരു കൊച്ചുകുട്ടി ബാപ്പുവിന്റെ വേഷവിധാനം കണ്ടു വളരെ ദുഃഖിതനായി. ഇത്രയും മഹാനായ ബാപ്പുവിന്റെ ദേഹത്ത് ഒരു ഷർട്ടു പോലുമില്ല! ആ കുട്ടിക്ക് അതു കണ്ടപ്പോൾ, ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല.

"ബാപ്പുജീ, താങ്കൾ എന്തു കൊണ്ടാണ് ഷർട്ടിടാത്തത്?"

ബാപ്പു കുട്ടിയോട് സ്നേഹത്തോടെ പറഞ്ഞു, "മകനേ, എന്റെ കൈയിൽ കാശെവിടെ? ഞാൻ വളരെ ദരിദ്രനാണ്. ഷർട്ടിനുവേണ്ടി കാശെവിടെ കിട്ടും?"

കുട്ടിയുടെ മനസ്സലിഞ്ഞു പോയി. "എന്റെ അമ്മക്ക് തയ്യൽ പണി അറിയാം. നോക്കൂ, എന്റെ വസ്ത്രങ്ങൾ അവരാണ് തയ്ക്കുന്നത്. എന്റെ അമ്മയോട് പറഞ്ഞ് ഞാൻ താങ്കൾക്കു വേണ്ടി ഷർട്ട് തയ്പിക്കാം. എന്നാൽ താങ്കൾ ധരിക്കില്ലേ?"

"നിന്റെ അമ്മ എത്ര ഷർട്ട് തയ്ച്ചു തരും?" ബാപ്പു ചോദിച്ചു.

“താങ്കൾക്കെത്ര വേണം? ഒന്നോ? രണ്ടോ? മൂന്നോ?” കുട്ടി ചോദിച്ചു.



ബാപ്പു അല്പം ആലോചിച്ച ശേഷം പറഞ്ഞു, "ഞാൻ തനിച്ചായി എങ്ങനെ ഷർട്ടിടും ?"



“എന്നാൽ എത്ര ഷർട്ടു കൊണ്ട് താങ്കൾ തൃപ്തനാകും? അത്രയും ഷർട്ടുകൾ ഞാൻ അമ്മയെക്കൊണ്ടു തയ്പിക്കും. പറയൂ ബാപ്പു താങ്കൾക്കെത്ര ഷർട്ടു വേണം?”

അപ്പോൾ കുട്ടിക്കു മനസ്സിലാകത്തക്കവണ്ണം ബാപ്പു പറഞ്ഞു “മകനേ, എനിക്ക് നാൽപതു കോടി സഹോദരീ സഹോദരന്മാരുണ്ട്. അവരിലാർക്കെങ്കിലും ഒരാൾക്കു വസ്ത്രമില്ലെങ്കിൽ ഞാൻ എങ്ങനെ വസ്ത്രം ധരിക്കും?” അദ്ദേഹം മഹാനാണ്. എല്ലാവരുടെയും ബാപ്പുജിയാണ്. വാചാലനായ കുട്ടിയ്ക്ക് രാജ്യമാസകലമുള്ള ബാപ്പുവിന്റെ കുടുംബത്തെപ്പറ്റി മനസ്സിലായി. നാട്ടിലെ ഓരോരുത്തനും അദ്ദേഹത്തിന്റെ ബന്ധുവാണ്. അദ്ദേഹം എല്ലാവരുടെയും കൂട്ടുകാരനും ചങ്ങാതിയുമാണ്. ഒരു ഷർട്ടുകൊണ്ട് അദ്ദേഹത്തിന്റെ ആവശ്യം എങ്ങനെ നിറവേറും!

ഏഴ്

ഒരു ദിവസം യർവാദ ജയിലിൽ ബാപ്പു സർദാർ വല്ലഭായ് പട്ടേലുമായി സംസാരിക്കുകയായിരുന്നു. സംസാരിക്കുന്നതിനിടയിൽ ബാപ്പു പറഞ്ഞു, "സൂക്ഷിച്ചു വച്ചാൽ ചത്ത പാമ്പുപോലും ചിലപ്പോൾ ഗുണം ചെയ്യും." ആ പറഞ്ഞതിന്റെ പൊരുളറിയാൻ ബാപ്പു ഒരു കഥ കേൾപ്പിച്ചു.

ഒരു വൃദ്ധയുടെ വീട്ടിൽ ഒരിക്കൽ ഒരു പാമ്പു കയറി. വൃദ്ധയുടെ നിലവിളികേട്ട് അയൽക്കാർ ഓടിയെത്തി. എല്ലാവരും കൂടി പാമ്പിനെ തച്ചുകൊന്നതിന് ശേഷം അവരവരുടെ വീട്ടിലേയ്ക്ക് തിരിച്ചു പോയി. ചത്ത പാമ്പിനെ ദൂരത്തെറിയുന്നതിന് പകരം വൃദ്ധ അതിനെ പുരപ്പുറത്തെറിഞ്ഞു.

യാദൃശ്ചയാ സംഭവിച്ചത് ഇതാണ് ആകാശത്ത് പറക്കുകയായിരുന്ന ഒരു പരുന്ത് ഈ ചത്ത പാമ്പിനെ കണ്ടു. പരുന്തിന്റെ കൊക്കിൽ ഒരു മുത്തു മാലയുണ്ടായിരുന്നു. മാല താഴെയിട്ട് പരുന്ത് ചത്ത പാമ്പിനെ കൊത്തിക്കൊണ്ടുപോയി. ഒരു വെളുത്ത സാധനം പുരപ്പുറത്തു മിന്നുന്നതു കണ്ട വൃദ്ധ അതു



മുള വടി കൊണ്ട് തോണ്ടി താഴെയിട്ടു. അതൊരു മുത്തുമാലയാണെന്ന് കണ്ടപ്പോൾ വൃദ്ധ ആനന്ദം കൊണ്ടു തുള്ളിച്ചാടി.

ബാപ്പു തന്റെ കഥ പറഞ്ഞു തീർത്തപ്പോൾ വല്ലഭായിയും ഒരു കഥ പറഞ്ഞു. ഒരു വ്യാപാരിയുടെ വീട്ടിൽ ഒരു പാമ്പു വന്നു. അതിനെ തച്ചുകൊല്ലാൻ ആരെയും കിട്ടിയില്ല. സ്വയം പാമ്പിനെ കൊല്ലാൻ വ്യാപാരിക്കു ധൈര്യമില്ലായിരുന്നു. മാത്രമല്ല ജീവഹാനി വരുത്താനുള്ള മനസ്സും ഉണ്ടായില്ല. അയാൾ പാമ്പിനെ ഒരു പാത്രത്തിനടിയിൽ ഒളിപ്പിച്ചുവെച്ചു. അന്നു രാത്രി വ്യാപാരിയുടെ വീട്ടിൽ കള്ളൻ കയറി. കമിഴ്ത്തിവച്ച പാത്രത്തിനടിയിൽ നല്ലൊരു കോളുണ്ടെന്നു കള്ളൻ വിചാരിച്ചു. കള്ളൻ പാത്രം എടുത്തപാടെ പാമ്പ് പത്തിയുയർത്തി അയാളെ കൊത്തി. വന്നത് കക്കാനായിരുന്നു. പക്ഷേ ജീവൻ പോലും നഷ്ടപ്പെട്ടു.

എട്ട്

ചർക്കാ സംഘത്തിനുവേണ്ടി ഗാന്ധിജി നഗര ങ്ങളിലും ഗ്രാമങ്ങളിലും ഫണ്ട് പിരിക്കുക യായിരുന്നു. അദ്ദേഹം ഒറീസയിൽ പര്യടനം



നടത്തുമ്പോൾ ഒരു യോഗത്തിൽ പ്രസംഗിക്കാനിടയായി. സദസിൽ നിന്നും നന്നേ ദരിദ്രയായൊരു കിഴവി എഴുന്നേറ്റു വന്നു. അവരുടെ തലമുടി വെൺചാമരം പോലെ വെളുത്തതായിരുന്നു. അവരുടെ നട്ടെല്ലൊടിഞ്ഞു പോയിരുന്നു. ദയനീയമായ സ്ഥിതി. സ്വയം



സേവകർ ആ വൃദ്ധയെ ഗാന്ധിജിയുടെ അടുത്തു പോകുന്നതു വിലക്കി. എങ്കിലും അവർ കശപിശ നടത്തി അദ്ദേഹത്തിന്റെ അടുക്കൽ നടന്നെത്തി.

"കണ്ടുതൊഴുകയാണ്," ഇങ്ങനെ പറഞ്ഞ് അവർ ഗാന്ധിജിയുടെ കാൽ തൊട്ടു വന്ദിച്ചു. മടിക്കുത്തിൽ നിന്ന് ഒരു അരയണ നാണയ മെടുത്ത് ഗാന്ധിജിയുടെ കാൽക്കരികിൽ വക്കുകയും നടന്നു പോവുകയും ചെയ്തു. ഗാന്ധിജി ആ അരയണയെടുത്ത് കൈവശം വച്ചു.

ചർക്കാ സംഘത്തിന്റെ എല്ലാ വരവു ചെലവു കണക്കുകളും ജംനാലാൽ ബജാ ജിന്റെ അധീനതയിലായിരുന്നു. കണക്കിൽ പെടുത്താൻ ഗാന്ധിജിയോട് അരയണ അദ്ദേഹം ആവശ്യപ്പെട്ടു. പക്ഷെ ഗാന്ധിജി സമ്മതിച്ചില്ല.

ജംനാലാൽ ബജാജ് ചിരിച്ചുകൊണ്ട് പറഞ്ഞു, "ചർക്കാ സംഘത്തിന്റെ ആയിരക്ക ണക്കിന് രൂപ ഞാൻ വാങ്ങുന്നു. ഈ അരയണ യ്ക്കുവേണ്ടി താങ്കൾക്കെന്നെ വിശ്വാസമില്ലേ?"

"ഈ അരയണ ആ ആയിരങ്ങളെക്കാളേറെ വിലപിടിച്ചതല്ല. ഒരാളുടെ കൈയിൽ ലക്ഷങ്ങ ളുണ്ടാവട്ടെ. അതിൽ നിന്ന് ആയിരമോ രണ്ടാ യിരമോ കൊടുത്താൽ അതു വലിയൊരു

കാര്യമല്ല. എന്നാൽ, ആ വൃദ്ധയ്ക്ക് ഈ അരയണയായിരുന്നു മുഴുവൻ സമ്പത്തും. അതാണവർ ദാനം ചെയ്തത്! അവർ എത്ര മഹത്തായ കൃത്യമാണ് ചെയ്തത്! ഇക്കാരണത്താൽ, എന്റെ മനസ്സിൽ ഈ അരയണയുടെ വില കോടികളെക്കാളേറെയാണ്."

ഒമ്പത്

നോവാഖാലി സംഭവം. ഹിന്ദു മുസ്ലീം ലഹളക്കുശേഷം ജനങ്ങളുടെ മനസ്സിൽ തീ ആളിപ്പിടിക്കുകയായിരുന്നു. ഗാന്ധിജി അതു ശമിപ്പിക്കാൻ പദയാത്ര തുടർന്നു. അതിരാവിലെ ഒരു ഗ്രാമത്തിൽ നിന്നും പുറപ്പെട്ട് ഏഴ് മണിയാവുമ്പോൾ മറ്റൊരു ഗ്രാമത്തിലെത്തും. അവിടെ എത്തിയാൽ എഴുതാനും എഴുതിക്കാനുമുള്ള പണികൾ മുഴുമിപ്പിക്കും. അതിനു ശേഷം കുളിക്കും കുളിക്കുമ്പോൾ കാൽ ഉരച്ചു വൃത്തിയാക്കുവാൻ ഒരു പരുക്കൻ കല്ല് ഉപയോഗിച്ചിരുന്നു. വർഷങ്ങൾക്കു മുമ്പ് മീരാബഹൻ നൽകിയതായിരുന്നു ആ കല്ല്. അന്നു മുതൽ ബാപ്പു അതു നന്നായി സൂക്ഷിച്ചു വച്ചിരുന്നു. ഗാന്ധിജി എവിടെ പോകുന്നുവോ ആ കല്ലും അദ്ദേഹത്തോടൊപ്പം ഉണ്ടാകും.

അങ്ങനെ ഗാന്ധിജി ഒരു ഗ്രാമത്തിലെത്തി. കുളിക്കാൻ പുറപ്പെടുന്ന സമയത്ത് ആ കല്ലിനു

വേണ്ടി മനു ബഹൻ കുറേ നേരം തിരഞ്ഞു. പക്ഷേ കിട്ടിയില്ല. അവർ ഗാന്ധിജിയോട് കല്ല് കാണാതായ വിവരം അറിയിച്ചു കൊണ്ട് പറഞ്ഞു, "നമ്മൾ ഇന്നലെ താമസിച്ചിരുന്നിടത്ത് ആ കല്ല് വച്ചു പോയിരിക്കും. ഇപ്പോൾ എന്ത് ചെയ്യും?" സ്വല്പം ആലോചിച്ചതിനുശേഷം ഗാന്ധിജി പറഞ്ഞു, "നീ തന്നെ അവിടെ പോയി കല്ല് തിരഞ്ഞു പിടിച്ചു കൊണ്ടു വരൂ. തനിയെ തന്നെ പോകണം. ഒരു തവണ ബുദ്ധിമുട്ടിയാൽ പിന്നീടൊരിക്കലും മറവിയുണ്ടാവില്ല."

"ഏതെങ്കിലും, സ്വയം സേവകനെ കൂടെ കൊണ്ടു പോകട്ടെ?" മനുബഹൻ ചോദിച്ചു.

"എന്തിന്?" ബാപ്പു ചോദിച്ചു.

മനു അനങ്ങിയില്ല. തനിയെ പോകാൻ പേടിയാണെന്നു പറയാൻ കഴിഞ്ഞില്ല. കാര്യമിതാണ്. നോവാഖാലിയിൽ തിങ്ങി നിറഞ്ഞു നിൽക്കുന്ന തെങ്ങും കവുങ്ങും കൊണ്ട് വഴി ഓർത്തിരിക്കുക എളുപ്പമല്ലായിരുന്നു. മാത്രമല്ല, മനു കേവലം 15-16 കാരിയായിരുന്നു. തനിയെ എവിടെയും പോയിട്ടുമില്ല. എന്നാൽ, ഗാന്ധിജിയുടെ "എന്തിന്" എന്ന ചോദ്യത്തിന് അവൾക്കു മറുപടി പറയാൻ കഴിഞ്ഞില്ല.

ഏതു വഴിയിലൂടെ വന്നോ, അതിലൂടെ



നടന്നു തുടങ്ങി. കാലടയാളം നോക്കി നടന്ന് അവൾ ഒരു വിധം ആ ഗ്രാമത്തിലെത്തി. വീടും കണ്ടു പിടിച്ചു. ആ വീട്ടിൽ ഒരു വൃദ്ധ താമസിച്ചിരുന്നു. മനുവിനെ കണ്ട മാത്രയിൽ അവർക്കു ബാപ്പുവിന്റെ കൂടെ തലേ ദിവസം ആ വീട്ടിൽ തങ്ങിയ പെൺകുട്ടിയാണ് അവളെന്ന് മനസ്സിലായി. വളരെ സ്നേഹ ത്തോടെ അവർ മനുവെ സ്വീകരിച്ചു. ഒന്നാമ തായി, ബാപ്പുവിന്റെ ശിഷ്യ... രണ്ടാമതായി അത്രയും ദൂരം കാൽ നടയായി വന്നത്. വളരെ കഷ്ടത്തിലായിരുന്നു മനു. വൃദ്ധയോട് വന്ന കാര്യം പറഞ്ഞു. ഇത്ര ചെറിയ കൽക്കഷണം വളരെ വില പിടിച്ചതായിരുന്നുവെന്ന് ആ വൃദ്ധ അറിഞ്ഞിരുന്നില്ല. വൃദ്ധ ആ കല്ല് എവിടെയോ അഴുക്കുകളുടെ കൂടെ കള ഞ്ഞിരുന്നു. സംഗതി അറിഞ്ഞപ്പോൾ രണ്ടു പേരും കൂടി തിരയാൻ തുടങ്ങി. അതിന്റെ ഫല മായി കല്ല് കിട്ടുക തന്നെ ചെയ്തു. മനുവിന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. മനു രാവിലെ ഏഴരമണിയ്ക്ക് പുറപ്പെട്ടതാ യിരുന്നു. കല്ലു കഷണവുമായി തിരിച്ചെത്തു മ്പോൾ ഒരു മണി ആയിരുന്നു. പതിനഞ്ചു മൈൽ നടക്കേണ്ടി വന്നതിനാൽ ക്ഷീണിച്ച വശയായിരുന്നു. കടുത്ത വിശപ്പും. അവൾ നേരെ ബാപ്പു വിന്റെ അടുത്തുചെന്ന് കല്ല്

ഗാന്ധിജിയുടെ മടിയിൽ വച്ചു കരഞ്ഞു.

ബാപ്പു സ്നേഹത്തോടെ പറഞ്ഞു, "ഈ കല്ലു കാരണം ഇന്നു നിന്റെ ഒരു പരീക്ഷ നടന്നു. അറിയാമോ, ഈ കല്ല് ഇരുപത്തഞ്ച് കൊല്ലമായി എന്റെ കൂട്ടുകാരനാണ്. ജയിലിലായാലും കൊട്ടാരത്തിലായാലും ഇതെപ്പോഴും എന്റെ കൂടെയാണ്. കല്ല് വേറെയും കിട്ടിയേക്കാം. പക്ഷേ അശ്രദ്ധ ഉചിതമല്ല. എനിക്കു ഇതു നിന്നെ പഠിപ്പിക്കണമായിരുന്നു."

''ബാപ്പു ഞാൻ എപ്പോഴെങ്കിലും ദൈവനാമം സത്യമായ ഹൃദയത്തോടെ ധ്യാനിച്ചിട്ടുണ്ടെങ്കിൽ അതിന്നാണ്."

"ഞാൻ സ്ത്രീകൾക്ക് ആത്മധൈര്യം ഉണ്ടാക്കാൻ ആഗ്രഹിക്കുന്നു. നീ മാത്രമല്ല, ഇന്നു ഞാനും വിഷമത്തിലായി." ബാപ്പു പറഞ്ഞു.

മനു ഒന്നും പറഞ്ഞില്ലെങ്കിലും ഗാന്ധിജിയുടെ ഗുണപാഠം പഠിപ്പിക്കാനുള്ള ശൈലി തികച്ചും വ്യത്യസ്തമാണെന്ന് തീർച്ചയായും മനസ്സിലാക്കിക്കാണും.

Lasertypeset at Printofast, 11/4, Old Rajinder Nagar, New Delhi -60
and printed at Tara Art Press, Sector-V, NOIDA

ഈ പുസ്തകം നവസാക്ഷരർക്കായാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. താങ്കൾ ഒരു നവസാക്ഷരനാണെങ്കിൽ താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ഒരു കടലാസ്സിൽ എഴുതി അയക്കൂ. മെച്ചപ്പെട്ട പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് അത് ഞങ്ങളെ സഹായിക്കും.

1. പേര്
2. വയസ്സ്
3. മാതൃഭാഷ
4. തൊഴിൽ
5. മാസവരുമാനം
6. പൂർണവിലാസം
7. സാക്ഷരതാ പാഠാവലിയുടെ എത്രഭാഗങ്ങൾ താങ്കൾ വായിച്ചു കഴിഞ്ഞു.
8. സാക്ഷരത എന്തൊക്കെ കാര്യങ്ങൾക്കായി ഉപയോഗിക്കുന്നു.
9. പത്രം വായിക്കാറുണ്ടോ?
10. പുസ്തകങ്ങൾ വായിക്കാറുണ്ടോ? ഇടയ്ക്കിടയ്ക്കോ, സ്ഥിരമായോ?
11. എന്തൊക്കെ വിഷയങ്ങളിൽ പുസ്തകങ്ങൾ വായിക്കാനാണിഷ്ടപ്പെടുന്നത്?
12. ഈ പുസ്തകം എങ്ങനെ കിട്ടി?
13. ഒരു മാസം പുസ്തകം വാങ്ങാനായി എത്ര രൂപ ചെലവാക്കാനാവും?

മറുപടി ഈ വിലാസത്തിൽ അയക്കുക :

പത്രാധിപ വിഭാഗം

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

എ-5,ഗ്രീൻ പാർക്ക്

ന്യൂ ഡൽഹി - 110016